<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 497**</u> <u>**25-03-2025 - ൽ മറുപടിയ്ക്ക്**</u>

<u>**റിന്യൂവബിൾ പവർ കോർപ്പറേഷന്റെ പ്രവർത്തനം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എ. രാജ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സോളാർ പാർക്കുകൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനുമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള റിന്യൂവബിൾ പവർ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെയും, സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെയും സംയുക്ത സംരംഭമായി 15/01/2016 - ന് റിന്യൂവബിൾ പവർ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (RPCKL) എന്ന കമ്പനി രൂപീകരിച്ചു. കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം കേരളത്തിന് അനുവദിച്ച 200 മെഗാവാട്ട് സോളാർ പാർക്ക് വികസിപ്പിക്കുന്നതിന് വേണ്ടിയാണിത്. പ്രസ്തുത 200 മെഗാവാട്ടിൽ കേരള സർക്കാർ അമ്പലത്തറ വില്ലേജിൽ അനുവദിച്ച 250 ഏക്കർ ഭൂമിയിൽ ഇന്ത്യൻ റിന്യൂവബിൾ എനർജി ഡെവലപ്മെന്റ് ഏജൻസി (IREDA) മുഖേന 50 മെഗാവാട്ട് സോളാർ പദ്ധതി 14/09/2017 - ൽ പൂർത്തീകരിച്ച് പ്രവർത്തനം നടത്തി വരികയാണ്. കൂടാതെ പൈവളിഗെ, മീൻജ, ചിപ്പാർ വില്ലേജുകളിലായി അനുവദിച്ച 250 ഏക്കർ ഭൂമിയിൽ തെഹരി ഹൈഡ്രോ ഡെവലപ്മെന്റ് കോർപ്പറേഷൻ (THDC) മുഖേന 50 മെഗാവാട്ട് സോളാർ പദ്ധതി 31/12/2021 - ൽ പൂർത്തീകരിച്ച് പ്രവർത്തനം നടത്തി വരികയാണ്. അമ്പലത്തറ വില്ലേജിൽ ബാക്കി വന്ന 27 ഏക്കർ ഭൂമിയിൽ മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് മുഖേന 8 മെഗാവാട്ട് സോളാർ വൈദ്യുതി നിലയത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ബാക്കി വരുന്ന 100 മെഗാവാട്ട്, കേരള സർക്കാർ ചീമേനി വില്ലേജിൽ അനുവദിച്ച 475 ഏക്കർ ഭൂമിയിൽ 31/03/2026 - ന് ബാറ്ററി സ്റ്റോറേജ് സിസ്റ്റം ഉൾക്കൊള്ളുന്ന 100 മെഗാവാട്ട് സോളാർ നിലയം പൂർത്തീകരിക്കാനുള്ള നടപടികൾ നടന്നു കൊണ്ടിരിക്കുന്നു. കൂടാതെ കണ്ണൂർ എയർപോർട്ടിന്റെ കൈവശമുള്ള ഭൂമിയിൽ 100 മെഗാവാട്ടും, ചീമേനി വില്ലേജിൽ 25 മെഗാവാട്ട് സോളാർ വൈദ്യുതി |

| | | | |
|---|---|---|---|
| | | | നിലയവും സ്ഥാപിക്കാനുള്ള സാധ്യതാ പഠനവും നടത്തുകയുണ്ടായി. |
| (ബി) | ഈ കമ്പനിയെ സിയാൽ മോഡലിൽ പരിവർത്തനപ്പെടുത്താൻ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. RPCKL–നെ സിയാൽ മോഡലിൽ പരിവർത്തനപ്പെടുത്താനുള്ള സാധ്യതയെ കുറിച്ച് പരിശോധിക്കാൻ SBI CAPS നെ ചുമതല പ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത എസ്.പി.വി-യുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നടപടികളെ സംബന്ധിച്ച് വിശദമാക്കുമോ? | (സി) | റിന്യൂവബിൾ പവർ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (RPCKL) 2016 ജനുവരി 15 - ന് സ്ഥാപിതമായ ശേഷം ഇതുവരെയായി കേരളത്തിൽ 105 MW സോളാർ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുവാൻ സാധിച്ചു. കൂടാതെ ഒരു 100 MW സോളാർ പദ്ധതി ചീമേനി വില്ലേജിൽ സ്ഥാപിക്കാനുള്ള പ്രവർത്തനം നടന്നു കൊണ്ടിരിക്കുകയാണ്. എന്നിരുന്നാലും കേരളത്തിന്റെ പീക്ക് സമയത്തെ ഊർജ്ജലഭ്യത ഉറപ്പുവരുത്താൻ കെ. എസ്. ഇ .ബി. എൽ. - ന് സാധ്യമാകാത്ത സാഹചര്യത്തിൽ കെ. എസ്. ഇ .ബി. എൽ., SECI സംയുക്ത സംരംഭമായ RPCKL-നെ രാത്രികാലങ്ങളിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് ബാറ്ററി സ്റ്റോറേജ് സംവിധാനം (BESS) ഉപയോഗപ്പെടുത്തി കേരളത്തിലെ ഊർജ്ജ പ്രതിസന്ധി ഒരളവു വരെ പരിഹരിക്കുന്നതിന് കേരള ഗ്രീൻ എനർജി കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനമാക്കി മാറ്റുവാനുള്ള സാധ്യത പഠിക്കാൻ SBI CAPS എന്ന സ്ഥാപനത്തെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ